(7 pages) **Reg. No. : ...............................**

**Code No. : 10467** **Sub. Code : C 1 MY 11**

B.A./B.Sc. (CBCS) DEGREE EXAMINATION, NOVEMBER 2022.

First Semester

Part I — Malayalam

Paper I — PADYASAHITHYAM – POETRY LITERATURE

(For those who joined in July 2021 onwards)

Time : Three hours Maximum : 75 marks

PART A — (10 × 1 = 10 marks)

ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. കിളിപ്പാട്ട് വൃത്തം എന്നറിയപ്പെടുന്നത് ഏത്?

(a) അന്നനട (b) തരംഗിണി

(c) കാകളി (d) കേക

2. അഗ്നിസാക്ഷിണിയായൊരു പത്നിയെ
സ്വപ്നത്തിൽപ്പോലും കാണുന്നില്ല ചിലർ;
കാവ്യമേത്?

(a) ജ്ഞാനപ്പാന

(b) സന്താനഗോപാലം

(c) ഘോഷയാത്ര

(d) കല്യാണസൗഗന്ധികം

3. ജനലിനപ്പുറം ജീവിതം പോലെയീ പകൽവെളിച്ചം പൊലിഞ്ഞു പോകുന്നതും - ഏതു സമയത്തെക്കുറിച്ചാണ് കവിയുടെ ഭാവന?

(a) രാത്രി (b) മധ്യാഹ്നം

(c) പ്രഭാതം (d) സന്ധ്യ

4. ചോരയിൽ ചവുട്ടി നിൽക്കുന്ന ആൾക്കൂട്ടം - ഏതു കവിതയിലെ വരികൾ?

(a) ജലസേചനം (b) അത്താഴം

(c) എലികൾ (d) സന്ദർശനം

5. ഉള്ളൂർ രചിച്ച മഹാകാവ്യം ഏത്?

(a) ഉമാകേരളം (b) ചിത്രയോഗം

(c) കർണ്ണഭൂഷണം (d) രാമചന്ദ്രവിലാസം

6. മാതൃഭാഷയെ പെറ്റമ്മയെന്നു പറയുന്ന കവി മറ്റുള്ള ഭാഷകളെ വിളിക്കുന്നതെന്ത്?

(a) അമ്മ (b) സഹോദരി

(c) ധാത്രി (d) ദാസി



*Nesamony Memorial Christian College, Marthandam*

7. എലികൾ എന്ന കവിത ഏതു പശ്ചാത്തലത്തിലാണ് രചിക്കപ്പെട്ടത്?

(a) മതസ്പർദ്ധ (b) പ്ലേഗ്

(c) വിഭജനം (d) ക്ഷാമം

8. കാടെവിടെ മക്കളേ എന്ന കവിതയിൽ വയനാടിനെക്കുറിച്ചു പറയുമ്പോൾ പരാമർശിക്കുന്ന നദിയേത്?

(a) കബനി (b) ചാലിയാർ

(c) കാരാപ്പുഴ (d) പാപനാശിനി

9. ചേടികളുറങ്ങുന്നു ദൂരെ; കാവല്ക്കാർ കുന്തം

ചാരിയുമുറങ്ങുന്നു പുറവാതിലിൻ ചാരെ -

കവിതയേത്?

(a) കൗസല്യ (b) കൈകേയി

(c) കരുണ (d) അത്താഴം

10. മാമ്പഴം എന്ന കവിത എഴുതിയതാര്?

(a) ചങ്ങമ്പുഴ (b) വൈലോപ്പിള്ളി

(c) വള്ളത്തോൾ (d) വയലാർ



PART B — (5 × 5 = 25 marks)

250 വാക്കിൽ കവിയാതെ അഞ്ചു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

11. (a) ജീവനും കൂടാതെ കേവലം ഭൂമിയിൽ

പാവകൾ വീണു കിടക്കുംപോലെ

- സന്ദർഭമെഴുതി ആശയം വിശദീകരിക്കുക.

അല്ലെങ്കിൽ

(b) കരിമുകിലൊത്ത ചികുരഭാരവും

മണികൾ മിന്നിടും മണിക്കിരീടവും -

ആരെക്കുറിച്ചുള്ള വർണ്ണന? സന്ദർഭമെഴുതുക.

12. (a) അർത്ഥമെത്ര വളരെയുണ്ടായാലും

തൃപ്തിയാകാ മനസ്സിന്നൊരു കാലം

- സാംഗത്യമെന്ത്?

അല്ലെങ്കിൽ

(b) ആ മഹാർനാർന്ന സംതൃപ്തി കണ്ടഹോ!

കോൾമയിർക്കൊണ്ടു നിൽക്കുന്നു

പെൺകൊടി

- കവിതയേത്? ആശയമെഴുതുക.



Nesamony Memorial Christian College, Marthandam

13. (a) ആയതു കണ്ടിന്ദ്രൻ ഗൗതമശാപമോർ-

ത്തായിരം പ്രാവശ്യം മാഴ്കിടട്ടെ

- സ്വാരസ്യം വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) അമ്മയ്ക്കുള്ള പ്രാധാന്യംപോലെതന്നെയാണ് മാതൃഭാഷയും എന്ന് കവി വ്യക്തമാക്കുന്നതെങ്ങനെ?

14. (a) സങ്കടം കാൺകിലും കാണാതെ പോകയോ

മംഗലേ നീയൊരു മങ്കയല്ലേ?

- ആശയമെന്ത്? സന്ദർഭമേത്?

അല്ലെങ്കിൽ

(b) എത്തിയപാടേ കടിച്ചുവലിക്കായ്ക

ചത്തുവോ ജന്തു? വനങ്ങിയാലോ?

- കവി ഇങ്ങനെ പറയുന്നതെപ്പോൾ?

15. (a) മരവും മനുഷ്യനും കിളിയും മൃഗങ്ങളും

ചെടിയും ചെടിയ്ക്കാത്ത നാടെവിടെ മക്കളെ - ആശയം വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) സ്മരണതൻ ദൂരസാഗരം തേടിയെൻ

ഹൃദയരേഖകൾ നീളുന്നു പിന്നെയും

- ആശയമെഴുതുക.



PART C — (5 × 8 = 40 marks)

600 വാക്കിൽ കവിയാതെ അഞ്ചു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

16. (a) ശ്രീകൃഷ്ണലീലകൾ അതിമനോഹരമായി കാളിമർദ്ദനത്തിലൂടെ ചെറുശ്ശേരി അവതരിപ്പിക്കുന്നു - വിശദമാക്കുക.

അല്ലെങ്കിൽ

(b) എഴുത്തച്ഛന്റെ വർണ്ണനാപാടവം പാഠഭാഗത്തെ ആസ്പദമാക്കി വിവരിക്കുക.

17. (a) ജീവിതതത്ത്വങ്ങളെ ഏറ്റവും ലളിതമായി അവതരിപ്പിക്കുകയാണ് ജ്ഞാനപ്പാന - ശരിയോ? വിശദീകരിക്കുക.

അല്ലെങ്കിൽ

(b) അക്കാലത്തെ ജീവിതാവസ്ഥയെക്കുറിച്ചുള്ള നേർച്ചിത്രമാണ് കുമാരനാശാൻ ചണ്ഡാലഭിക്ഷുകിയിൽ അവതരിപ്പിക്കുന്നത് - നിങ്ങളുടെ അഭിപ്രായമെഴുതുക.

18. (a) ഉള്ളൂരിന്റെ രചനാശൈലിയുടെ പ്രത്യേകതകൾ കർണ്ണഭൂഷണത്തെ അടിസ്ഥാനമാക്കി വിവരിക്കുക.

അല്ലെങ്കിൽ



Nesamony Memorial Christian College, Marthandam

(b) ഭാഷയോടുള്ള സമീപനം വള്ളത്തോൾ പ്രസ്താവിക്കുന്നതെങ്ങനെ? എന്റെ ഭാഷ എന്ന കവിതയെ ആസ്പദമാക്കി വിവരിക്കുക.

19. (a) ജലസേചനം എന്ന കവിത പ്രശ്നങ്ങളെ ധൈര്യപൂർവ്വം നേരിടുന്ന മനുഷ്യരെയാണ് കാണിച്ചുതരുന്നത് - വിലയിരുത്തുക.

അല്ലെങ്കിൽ

(b) എലികൾ എന്ന കവിതയിൽ മനുഷ്യജന്മത്തെ താരതമ്യപ്പെടുത്തുന്നതായി കാണാം - ചർച്ച ചെയ്യുക.

20. (a) കൗസല്യ എന്ന കവിതയ്ക്ക് ഒരാസ്വാദനം നൽകുക.

അല്ലെങ്കിൽ

(b) കെട്ട കാലത്തിന്റെ ശബ്ദമാണ് അത്താഴമെന്ന കവിത - ശരിയോ? വ്യക്തമാക്കുക.

———————



Nesamony Memorial Christian College, Marthandam